(സി) 1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
2. വിമൻസ് കോളേജ്, തിരുവനന്തപുരം.
3. മഹാരാജാസ് കോളേജ്, എറണാകുളം.
4. വിക്ടോറിയാ കോളേജ്, പാലക്കാട്.
5. ഗവൺമെൻറ് കോളേജ്, ചിറ്റൂർ.
6. ആർട്ട്സ് ആൻറ് സയൻസ് കോളേജ്, കോഴിക്കോട്.
7. ഗവൺമെൻറ് കോളേജ്, മടപ്പള്ളി.
8. ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, തലശ്ശേരി.
9. പട്ടാമ്പി സംസ്കൃത കോളേജ്.
10. ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ.
11. ട്രെയിനിംഗ് കോളേജ്, തലശ്ശേരി.
12. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.
13. കെ. കെ. റ്റി. എം. കോളേജ്, പുല്ലൂറ്റ്.
14. തിരുവനന്തപുരം സംസ്കൃത കോളേജ്, തിരുവനന്തപുരം.
15. തൃപ്പൂണിത്തുറ സംസ്കൃത കോളേജ്.
16. ഗവൺമെൻറ് കോളേജ്, കാസർകോഡ്. എന്നീ കോളേജുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

പുതിയ സഹകരണനിയമം

*468 [492] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) സഹകരണനിയമത്തിലെ പോരായ്മകൾ പരിഹരിച്ച് സമഗ്രമായ ഭേദഗതികളോടെ പുതിയ നിയമം കൊണ്ടുവരുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉദ്ദേശിക്കുന്ന ഭേദഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 1969 ലെ കേരള സഹകരണനിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾതന്നെ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) പ്രധാനമായും പരിഗണനയിൽ ഉള്ള ഭേദഗതികൾ കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്കുള്ള ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ

*469 [493] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്ധ–ബധിര–മൂക വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കുവാൻ കേരളത്തിൽ സൗകര്യമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ ആധുനിക ട്രേഡുകളോടുകൂടിയ ഒരു ജൂനിയർ ടെക്നിക്കൽ ഹൈസ്കൂൾ കേരളത്തിൽ തുടങ്ങുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൂനിയർ ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടെങ്കിൽ, എന്ന് എവിടെ സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് മാത്രമായി ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ തുടങ്ങുവാൻ ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ നിർദ്ദേശങ്ങളൊന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സെക്സ് ചിത്രങ്ങൾ

* 470 [494] ശ്രീ. ജി. പി. മംഗലത്തു മഠം:

ശ്രീ. എ. എ. റഹീം:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്സ് ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണത്തിന്റെ പേരിൽ നടപടികളെടുത്തിട്ടുണ്ട്;

(സി) എത്രയെണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ട്;

(ഡി) ഇപ്രകാരമുള്ള പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ:)

(എ) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.